പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5057.

27.06.2019 ൽ
മറുപടിക്ക്

## സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് നൂതനപദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി യു. പ്രതിഭ<br>ശ്രീ.ജോർജ് എം. തോമസ്<br>,, സി.കെ. ഹരീന്ദ്രൻ<br>പ്രൊഫ.കെ.യു. അരുണൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് നടപ്പിലാക്കിയിട്ടുള്ള നൂതനപദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (എ) | സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് താഴെപ്പറയുന്ന പ്രധാന നൂതന പദ്ധതികൾ ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br><br>• സംസ്ഥാനത്ത് 14 പോലീസ് ജില്ലകളിൽ (കൊല്ലം റൂറൽ, ഇടുക്കി, തൃശ്ശൂർ റൂറൽ, കോഴിക്കോട് റൂറൽ, വയനാട് എന്നീ ജില്ലകളൊഴികെ) പിങ്ക് പോലീസ് പട്രോൾ സംവിധാനം ആരംഭിച്ചിട്ടുണ്ട്.<br><br>• 1515 ടോൾ ഫ്രീ സംവിധാനത്തോടുകൂടി 24 മണിക്കൂറും പ്രവർത്തിക്കുന്ന പിങ്ക് കൺട്രോൾ റൂമുകൾ സംസ്ഥാനത്ത് 14 പോലീസ് ജില്ലകളിൽ (കൊല്ലം റൂറൽ, ഇടുക്കി, തൃശ്ശൂർ റൂറൽ, കോഴിക്കോട് റൂറൽ, വയനാട് എന്നീ ജില്ലകളൊഴികെ) ആരംഭിച്ചിട്ടുണ്ട്.<br><br>• സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി Cyber Crime Prevention Against Women and Children (CCPWC) Project ആരംഭിച്ചിട്ടുണ്ട്.<br><br>• പോലീസിന്റെ വനിതാ പ്രാതിനിധ്യം ആദ്യഘട്ടത്തിൽ 10% ആയും തുടർന്ന് 25% ആയും വർദ്ധിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി സംസ്ഥാനത്ത് ആദ്യമായി ഒരു വനിതാ ബറ്റാലിയൻ ആരംഭിച്ചിട്ടുണ്ട്.<br><br>• സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി സ്വയം പ്രതിരോധ പരിശീലന പരിപാടികൾ ഊർജ്ജിതമായി നടത്തി വരുന്നു. കൂടാതെ കോളേജ്, സ്കൂൾ, റസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ യൂണിറ്റ് എന്നിവയുമായി ചേർന്ന് ബോധവൽക്കരണ ക്ലാസ്സുകളും നടത്തി വരുന്നു. |

- 6 പോലീസ് സ്റ്റേഷനുകളിൽ ശിശു സൗഹൃദ പോലീസ് സ്റ്റേഷൻ സമ്പ്രദായം ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി 54 പോലീസ് സ്റ്റേഷനുകളിലേയ്ക്കു കൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
- 2019-20 ബഡ്ജറ്റിൽ 4 വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

ഇതിനു പുറമെ 2018-19 സാമ്പത്തിക വർഷം 648 ലക്ഷം രൂപയും 2019-20 ൽ 600 ലക്ഷം രൂപയും സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി അനുവദിച്ചിട്ടുണ്ട്.

| | | |
|---|---|---|
| **(ബി)** ഇതിന്റെ ഭാഗമായി ആരംഭിച്ചിട്ടുള്ള പിങ്ക് പട്രോൾ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | **(ബി)** | ഏതു അടിയന്തിര ഘട്ടത്തിലും ബന്ധപ്പെടാവുന്ന Emergency Response Support System (ERSS) സംവിധാനം സംസ്ഥാനത്ത് പ്രാബല്യത്തിൽ വരുന്നതിനാൽ പിങ്ക് പട്രോൾ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല |
| **(സി)** നിലവിൽ ഏതെല്ലാം ജില്ലകളിലാണ് പിങ്ക് പട്രോൾ ആരംഭിച്ചിട്ടുള്ളത് എന്നറിയിക്കാമോ ; | **(സി)** | കൊല്ലം റൂറൽ, ഇടുക്കി, തൃശ്ശൂർ റൂറൽ, കോഴിക്കോട് റൂറൽ, വയനാട് എന്നീ ജില്ലകളൊഴികെ സംസ്ഥാനത്തെ എല്ലാ പോലീസ് ജില്ലകളിലും പിങ്ക് പട്രോൾ ആരംഭിച്ചിട്ടുണ്ട്. |
| **(ഡി)** പോലീസ് സേനയിലെ വനിതാപ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | **(ഡി)** | പോലീസിലെ വനിതാ പ്രാതിനിധ്യം ആദ്യഘട്ടത്തിൽ 10 ശതമാനമായും തുടർന്ന് 25 ശതമാനമായും വർദ്ധിപ്പിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിക്കുകയും അതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് ആദ്യമായി പുതിയ വനിതാ പോലീസ് ബറ്റാലിയൻ ആരംഭിച്ചിട്ടുണ്ട്. ഇതിനായി 451 പുതിയ തസ്തികകൾ സൃഷ്ടിച്ചു. വനിതാ ബറ്റാലിയന്റെ ആസ്ഥാനമായി തിരുവനന്തപുരത്തെ മേനംകുളത്ത് 10 ഏക്കർ സ്ഥലം സർക്കാർ നൽകിയിട്ടുള്ളതും ആയതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. |
| **(ഇ)** ഏതെല്ലാം ജില്ലകളിലാണ് നിലവിൽ വനിതാ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്താക്കാമോ? | **(ഇ)** | തിരുവനന്തപുരം സിറ്റി, കൊല്ലം സിറ്റി, ആലപ്പുഴ, കോട്ടയം, കൊച്ചി സിറ്റി, തൃശ്ശൂർ സിറ്റി, തൃശ്ശൂർ റൂറൽ, മലപ്പുറം, കോഴിക്കോട് സിറ്റി, കണ്ണൂർ എന്നിവിടങ്ങളിലായി 10 വനിതാ പോലീസ് സ്റ്റേഷനുകൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ